# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 375 25.06.2014-ൽ മറുപടിക്ക്

## 'ആരോഗ്യ മേഖലയിലെ വിദേശ നിക്ഷേപം'

| ചോദ്യം | മറുപടി |
|---|---|
| ഡോ.എൻ.ജയരാജ്<br>ശ്രീ. എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ. പി.സി.ജോർജ്ജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യ മേഖലയിൽ വിദേശ നിക്ഷേപം സ്വീകരിക്കണമെന്ന് ആസൂത്രണ ബോർഡിന്റെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശ ങ്ങൾ നൽകാമോ;<br><br>(ബി) ഇത് സംബന്ധിച്ച് സർക്കാരിന്റെ നയം എന്തെന്നു വ്യക്തമാക്കുമോ? | (എ) & (ബി) സംസ്ഥാന ആസൂത്രണബോർഡിന്റെ ആഭിമുഖ്യത്തിൽ കേരള പരിപ്രേക്ഷ്യ പദ്ധതി - 2030 രൂപീകരിക്കുന്നതിന്റെ ഭാഗമായി 2013 ഒക്ടോബറിൽ ചർച്ചയ്ക്കായി തയ്യാറാക്കിയ കരട് റിപ്പോർട്ടിൽ, ആരോഗ്യ മേഖലയിൽ വിദേശ നിക്ഷേപം സ്വീകരിക്കണമെന്നുള്ള ഒരു നിർദ്ദേശം ഉൾപ്പെടുത്തിയിരുന്നു. എന്നാൽ വിവിധ തലങ്ങളിൽ നടത്തിയ ചർച്ചകളുടെയും കൂടിയാലോചനകളുടെയും അടിസ്ഥാനത്തിൽ ഈ നിർദ്ദേശം ഒഴിവാക്കുന്നതിന് തീരുമാനിക്കുകയും അതിനനുസൃതമായി ഈ നിർദ്ദേശം ഒഴിവാക്കിക്കൊണ്ട് റിപ്പോർട്ട് പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ